# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.142 14/06/2013 -ൽ മറുപടിയ്ക്ക്

## നാളികേരത്തിന്റെ താങ്ങുവില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീമതി കെ.കെ. ലതിക<br>ശ്രീ. കെ.കെ. നാരായണൻ<br>,, കെ.വി. വിജയദാസ് | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) നാളികേരത്തിന് കേന്ദ്രം പ്രഖ്യാപിച്ച താങ്ങുവില ന്യായമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. കേരളത്തിലെ നാളീകേരകർഷകരെ സംബന്ധിച്ചടത്തോളം ഉയർന്ന ഉല്പാദന ച്ചെലവുമായും വിളവെടുപ്പിലെ കൂലി വർദ്ധനവുമായും താരതമ്യപ്പെടുത്തി കേന്ദ്രം പ്രഖ്യാപിച്ച താങ്ങുവില കുറവാണ്. |
| (ബി) നാളികേര കൃഷിയുടെ ചെലവും വിളവെടുപ്പിലെ കൂലി വർദ്ധനവിനും അനുസൃതമായി താങ്ങുവില വർദ്ധിപ്പിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. കേരളത്തിലെ നാളീകേര കൃഷിയുടെ ചെലവും വിളവെടുപ്പിലെ കൂലി വർദ്ധനവിനും അനുസൃതമായി 2013 സീസണിലെ കൊപ്രയുടെ താങ്ങുവില - മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 6300 രൂപയായും ഉണ്ടക്കൊപ്രയ്ക്ക് ക്വിന്റലിന് 6915 രൂപയായും പച്ചത്തേങ്ങയ്ക്ക് ക്വിന്റലിന് 1900 രൂപയായും വില നിശ്ചയിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നു-വെങ്കിലും 2013 സീസണിലേക്ക് മില്ലിംഗ് |

കൊപ്രയുടെ താങ്ങുവില 5250/- രൂപയായും ഉണ്ടക്കൊപ്രയുടെ താങ്ങുവില 5500/- രൂപയായും പച്ചത്തേങ്ങയ്ക്ക് 1425 രൂപയായുമാണ് (ക്വിന്റലിന്) കേന്ദ്രസർക്കാർ നിശ്ചയിച്ചത്.

| | | | |
|---|---|---|---|
| (സി) | ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്രത്തിൽനിന്നും ലഭിച്ച മറുപടി അറിയിക്കാമോ? | (സി) | ഉണ്ട്. 2013 സീസണിലെ കൊപ്രയുടെ താങ്ങുവില - മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 6300 രൂപയായും ഉണ്ടക്കൊപ്രയ്ക്ക് ക്വിന്റലിന് 6915 രൂപയായും പച്ചത്തേങ്ങയ്ക്ക് ക്വിന്റലിന് 1900 രൂപയായും വില നിശ്ചയിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ 2012 സീസണിലെ താങ്ങുവിലയായ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100/- രൂപയും ഉണ്ടക്കൊപ്രയ്ക്ക് 5350/- രൂപയും 2013 സീസണിലും നിലനിർത്തണമെന്നാണ് കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മീഷൻ കേന്ദ്ര സർക്കാരിന് ശുപാർശ ചെയ്തത്. ഈ താങ്ങുവില, കൃഷിച്ചെലവും വിളവെടുപ്പിലെ കൂലിവർദ്ധനവും കണക്കിലെടുക്കുമ്പോൾ പര്യാപ്തമല്ല എന്നും താങ്ങുവില ഉയർത്തണമെന്നും സംസ്ഥാനസർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് 2013 സീസണിലേക്ക് മില്ലിംഗ് കൊപ്രയുടെ താങ്ങുവില 5250/- രൂപയായും ഉണ്ടക്കൊപ്രയുടെ താങ്ങുവില 5500/- |

രൂപയായും പച്ചത്തേങ്ങയ്ക്ക് 1425 രൂപയായും കേന്ദ്രസർക്കാർ ഉയർത്തി നിശ്ചയിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ